Mathrubhumi
മാതൃഭൂമി

# ആത്മീയതയില്ലാത്ത ജ്ഞാനം അഹങ്കാരത്തിന് വഴിയിടുമെന്ന് സി.പി. രാധാകൃഷ്ണൻ



അമൃത കോയമ്പത്തൂർ കാംപസിൽ സദ്ഗമയ-2025 മഹാരാഷ്ട്ര ഗവർണർ സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനംചെയ്യുന്നു

**കോയമ്പത്തൂർ** ▸ ഭാരതത്തിന്റെ പൗരാണിക ജ്ഞാനസംഹിതകൾ ശാസ്ത്രം, ഭരണക്രമം, നൈതികത തുടങ്ങിയ മേഖലകളെയെല്ലാം സ്വാധീനിച്ചിരുന്നതായി മഹാരാഷ്ട്ര ഗവർണർ സി.പി. രാധാകൃഷ്ണൻ പറഞ്ഞു. ആത്മീയതയില്ലാത്ത ജ്ഞാനം അഹങ്കാരത്തിന് വഴിയിടുമെന്നും ഗവർണർ കൂട്ടിച്ചേർത്തു.

അമ്മയുടെ ഉപദേശങ്ങളും ദർശനങ്ങളും ശാസ്ത്രത്തെയും ആന്തരിക വളർച്ചയെയും ഏകീകരിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

അമൃത വിശ്വവിദ്യാപീഠം, കോയമ്പത്തൂർ കാംപസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സദ്ഗമയ-2025 സാംസ്കാരിക ശിബിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗവർണർ. ശനിയാഴ്ച വരെ നീളുന്ന ക്യാമ്പിൽ ഗവേഷണ പ്രബന്ധങ്ങൾ, മുഖ്യപ്രഭാഷണങ്ങൾ, സാംസ്കാരിക സമ്മേളനങ്ങൾ എന്നിവ നടക്കും.